**മധുരമായ കുട്ടികളേ- ഓർമ്മയുടെ യാത്രയിൽ ഇരിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം മുറിയും, എന്തുകൊണ്ടെന്നാൽ ഓർമ്മയാണ് വാളിന്റെ മൂർച്ച, ഇതിൽ സ്വയം സ്വയത്തെ വഞ്ചിക്കരുത്.**

**ചോദ്യം-** കുട്ടികളുടെ സ്വഭാവത്തെ നന്നാക്കാൻ അച്ഛൻ ഏതൊരു വഴിയാണ് പറഞ്ഞുതരുന്നത്?
**ഉത്തരം-** കുട്ടികളേ, തന്റെ സത്യം സത്യമായ ചാർട്ട് വെയ്ക്കൂ. ചാർട്ട് വെയ്ക്കുന്നതിലൂടെയേ സ്വഭാവം നന്നാകൂ. പരിശോധിക്കണം, മുഴുവൻ ദിവസവും എന്റെ സ്വഭാവം എങ്ങനെയായിരുന്നു? ആർക്കും ദുഃഖം കൊടുത്തില്ലല്ലോ? അനാവശ്യ കാര്യങ്ങളൊന്നും ചെയ്തില്ലല്ലോ? ആത്മാവാണെന്ന് മനസ്സിലാക്കി എത്ര സമയം അച്ഛനെ ഓർമ്മിച്ചു? എത്രപേരെ തനിക്കു സമാനമാക്കി മാറ്റി? ഇങ്ങനെ ചാർട്ട് വെക്കുന്നത് ആരാണോ അവരുടെ സ്വഭാവം നല്ലതാകും. ആര് ചെയ്തോ അവർ നേടും. ചെയ്യുന്നില്ലെങ്കിൽ പശ്ചാത്തപിക്കും.

**ഓംശാന്തി.** ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ് എന്തുകൊണ്ടെന്നാൽ ഇവിടെ സന്മുഖത്താണ്. എല്ലാ കുട്ടികളും തന്റെ സ്വധർമ്മത്തിൽ ഇരുന്ന് അച്ഛനെ ഓർമ്മിച്ചുകൊണ്ടിരിക്കുകയാണ് എന്ന് പറയാൻ കഴിയില്ല. തീർച്ചയായും ബുദ്ധി എവിടേയ്ക്കെങ്കിലുമൊക്കെ പോകുന്നുണ്ടാകും. അത് ഓരോരുത്തർക്കും സ്വയം മനസ്സിലാക്കാൻ സാധിക്കും. പ്രധാനകാര്യം സതോപ്രധാനമായി മാറുക എന്നതാണ്. ഓർമ്മയുടെ യാത്രയിലൂടെയല്ലാതെ മാറുകയെന്നത് സാദ്ധ്യവുമല്ല. തീർച്ചയായും ബാബ അതിരാവിലെ യോഗത്തിൽ ഇരിക്കുന്ന കുട്ടികളെ വലിക്കുന്നുണ്ട്, ആകർഷിക്കുന്നുണ്ട്. നമ്പർ അനുസരിച്ച് വലിക്കുന്നു. ഓർമ്മയിൽ ശാന്തിയിൽ ഇരിക്കുന്നു. ലോകത്തെത്തന്നെ മറക്കുന്നു. പക്ഷേ ചോദ്യമിതാണ്- മുഴുവൻ ദിവസവും എന്തുചെയ്യുന്നു? അത് രാവിലെ 1 മണിക്കൂർ അര മണിക്കൂറുള്ള ഓർമ്മയുടെ യാത്രയാണ്, ഇതിലൂടെ ആത്മാവ് പവിത്രമായി മാറുന്നു, ആയുസ്സ് വർദ്ധിക്കുന്നു. പക്ഷേ മുഴുവൻ ദിവസത്തിൽ എത്ര സമയം ഓർമ്മിച്ചു? എത്ര സമയം സ്വദർശന ചക്രധാരിയായി മാറി? ബാബ എല്ലാം അറിയുന്നു എന്നല്ല. തന്റെ ഹൃദയത്തോട് ചോദിക്കണം ഇന്ന് മുഴുവൻ ദിവസവും ഞാൻ എന്ത് ചെയ്തു? ഇപ്പോൾ നിങ്ങൾ കുട്ടികൾ ചാർട്ട് എഴുതുന്നുണ്ട്. ചിലർ ശരിയായത് എഴുതും, ചിലർ തെറ്റ് എഴുതും. കരുതും ഞങ്ങൾ ശിവബാബയുടെ കൂടെത്തന്നെയായിരുന്നു. ശിവബാബയെത്തന്നെയാണ് ഓർമ്മിച്ചിരുന്നത് പക്ഷേ സത്യത്തിൽ ഓർമ്മയിലായിരുന്നോ? തീർത്തും സൈലൻസിൽ ഇരുന്നാൽ പിന്നീട് ഈ ലോകം തന്നെ മറന്നുപോകും. ഞങ്ങൾ ശിവബാബയുടെ ഓർമ്മയിൽത്തന്നെയാണ് എന്ന് കരുതി സ്വയം ചതിക്കരുത്. ദേഹത്തിന്റെ മുഴുവൻ ധർമ്മങ്ങളും മറക്കണം. ശിവബാബ നമ്മെ ആകർഷിച്ച് ലോകത്തെ മുഴുവൻ മറപ്പിക്കുന്നു. അച്ഛൻ മനസ്സിലാക്കിത്തരുന്നു സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കണം. അച്ഛൻ തീർച്ചയായും ആകർഷിക്കും. എല്ലാ ആത്മാക്കളും അച്ഛനെ ഓർമ്മിക്കണം അച്ഛനല്ലാതെ മറ്റാരും ഓർമ്മ വരരുത്. പക്ഷേ സത്യത്തിൽ ഓർമ്മ വരുന്നുണ്ടോ അതോ ഇല്ലയോ എന്നത് സ്വയം കണക്കാക്കണം. ഞാൻ ബാബയെ എത്രത്തോളം ഓർമ്മിക്കുന്നുണ്ട്? എങ്ങനെയാണോ പ്രിയതമനും പ്രിയതമയും അതുപോലെ. ഇത് ആത്മീയ പ്രിയതമനും പ്രിയതമയുമാണ്. കാര്യമേ വേറിട്ടതാണ്, അത് പരിധിയുള്ളതാണ്, ഇത് ആത്മീയമാണ്. നോക്കണം- ഞാൻ എത്ര സമയം ദൈവീക ഗുണങ്ങളിൽ ഇരിക്കുന്നുണ്ട്? എത്ര സമയം അച്ഛന്റെ സേവനത്തിൽ ഇരുന്നു. പിന്നീട് മറ്റുള്ളവർക്കും ഓർമ്മയുണർത്തണം. ആത്മാവിൽ പിടിച്ചിരിക്കുന്ന കറ ഓർമ്മയില്ലാതെ ഇളകില്ല. ഭക്തിയിൽ അനേകം പേരെ ഓർമ്മിക്കുന്നു. ഇവിടെ ഓർമ്മിക്കേണ്ടത് ഒരേ ഒരാളെയാണ്. നമ്മൾ ആത്മാക്കൾ ചെറിയ ബിന്ദുവാണ്. അതുപോലെ ബാബയും ചെറിയ ബിന്ദുവാണ് അതിസൂക്ഷ്മമാണ്. എന്നാൽ ജ്ഞാനം വളരെ വലുതാണ്. ശ്രീ ലക്ഷ്മീ അഥവാ നാരായണനായി മാറുക, വിശ്വത്തിന്റെ അധികാരിയായി മാറുക എന്നത് അമ്മായിയുടെ വീട്ടിൽ പോകുന്നതുപോലെയല്ല. അച്ഛൻ പറയുന്നു സ്വയം അല്പജ്ഞാനിയായി മാറി തന്നെത്താൻ വഞ്ചിക്കരുത്. സ്വയം ചോദിക്കൂ- മുഴുവൻ ദിവസത്തിൽ ഞാൻ സ്വയം ആത്മാവാണെന്നു മനസ്സിലാക്കി കറ ഇളകാനായി അച്ഛനെ എത്ര സമയം ഓർമ്മിച്ചു? എത്രപേരെ തനിക്കു സമാനമാക്കി മാറ്റി? തന്റെ ഈ കണക്ക് ഓരോരുത്തരും വെയ്ക്കണം. ആരാണോ ചെയ്യുന്നത് അവർ നേടും, ആരാണോ ചെയ്യാത്തത് അവർ പശ്ചാത്തപിക്കും. എന്റെ സ്വഭാവം മുഴുവൻ ദിവസവും എങ്ങനെയായിരുന്നു എന്നു നോക്കണം. ആർക്കും ദുഃഖം നൽകിയില്ലല്ലോ അഥവാ അനാവശ്യ കാര്യങ്ങളൊന്നും ചെയ്തില്ലല്ലോ? ചാർട്ട് വെയ്ക്കുന്നതിലൂടെ സ്വഭാവം നന്നാകും. അച്ഛൻ വഴി പറഞ്ഞുതന്നിട്ടുണ്ട്.

പ്രിയതമനും പ്രിയതമയും പരസ്പരം ഓർമ്മിക്കുന്നു. ഓർമ്മിക്കുമ്പോൾത്തന്നെ അവർ മുന്നിൽ വന്നു

നിൽക്കുന്നു. രണ്ട് സ്ത്രീകളാണെങ്കിലും സാക്ഷാത്ക്കാരമുണ്ടാകും, രണ്ടു പുരുഷന്മാരാണെങ്കിലും സാക്ഷാത്ക്കാരമുണ്ടാകും. ചില ചില സുഹൃത്തുക്കൾ സഹോദരനെക്കാളും പ്രിയപ്പെട്ടതായിരിക്കും. മിത്രങ്ങൾ തമ്മിൽ ഇത്രയും സ്നേഹമുണ്ടാകും സഹോദരങ്ങളോടുപോലും ഇത്ര സ്നേഹമുണ്ടാകില്ല. പരസ്പരം വളരെ സ്നേഹത്തോടെ ഉയർത്തുന്നു. ബാബ അനുഭവിയാണല്ലോ. അതിനാൽ ബാബ അതിരാവിലെയാണ് ആകർഷിക്കുക. കാന്തമാണ്, സദാ പവിത്രമാണ്, അതിനാൽ ബാബ പിടിച്ച് വലിക്കുന്നു. അച്ഛൻ പരിധിയില്ലാത്തതല്ലേ. ഇത് വളരെ സ്നേഹിയായ കുട്ടിയാണ് എന്ന് കരുതും. വളരെ ശക്തിയോടെ ആകർഷിക്കും. പക്ഷേ ഈ ഓർമ്മയുടെ യാത്ര അത്യാവശ്യമാണ്. എവിടേയ്ക്ക് പോവുകയാണെങ്കിലും, യാത്രയിലാണെങ്കിലും, ഇരിക്കുമ്പോഴും, എഴുന്നേൽക്കുമ്പോഴും, കഴിക്കുമ്പോഴും ഓർമ്മിക്കാൻ കഴിയും. പ്രിയതമനും പ്രിയതമയും എവിടെയാണെങ്കിലും ഓർമ്മിക്കാറില്ലേ. ഇതും അതുപോലെയാണ്. അച്ഛനെ എന്തായാലും ഓർമ്മിക്കുകതന്നെ വേണം, ഇല്ലെങ്കിൽ എങ്ങനെ വികർമ്മം വിനാശമാകും. മറ്റൊരു ഉപായവുമില്ല. ഇത് വളരെ സൂക്ഷ്മമാണ്. വാളിൽ എപ്പോഴും മൂർച്ചവേണം. ഓർമ്മയാണ് വാളിന്റെ മൂർച്ച. മിനിറ്റിന് മിനിറ്റിന് പറയുന്നു ഓർമ്മിക്കാൻ മറന്നുപോയെന്ന്. എന്തുകൊണ്ടാണ് വാളെന്ന് പറയുന്നത്? എന്തുകൊണ്ടെന്നാൽ ഇതിലൂടെ പാപം മുറിയും, നിങ്ങൾ പാവനമായി മാറും. ഇത് വളരെ കോമളമാണ്. എങ്ങനെയാണോ അവർ തീയിലൂടെ നടക്കുന്നത് അതുപോലെ നിങ്ങളുടെ ബുദ്ധിയോഗം അച്ഛന്റെ അടുത്തേയ്ക്കാണ് പോകുന്നത്. അച്ഛൻ ഇവിടെ വന്നിട്ടുണ്ട്, നമുക്ക് സമ്പത്ത് നൽകുകയാണ്. മുകളിലല്ല, ഇവിടെ വന്നിട്ടുണ്ട്. പറയുന്നു സാധാരണ ശരീരത്തിലാണ് വന്നിരിക്കുന്നത്. നിങ്ങൾക്ക് അറിയാം അച്ഛൻ മുകളിൽ നിന്നും താഴേയ്ക്ക് വന്നിട്ടുണ്ട്. ചൈതന്യമണി ഈ പെട്ടിയിൽ ഇരിക്കുന്നുണ്ട്. ഞങ്ങൾ ബാബയുടെ കൂടെയാണ് ഇരിക്കുന്നത് എന്നതിൽ മാത്രം സന്തോഷിക്കരുത്. കാരണം അത് ബാബയ്ക്ക് അറിയാം, വളരെ അധികം ആകർഷിക്കുന്നു. പക്ഷേ അത് അര മണിക്കൂറോ മുക്കാൽ മണിക്കൂറോ അല്ലേയുള്ളു. ബാക്കി സമയം മുഴുവൻ വ്യർത്ഥമാക്കിയാൽ പിന്നെ ഇതുകൊണ്ട് എന്താണ് ഗുണം. കുട്ടികൾക്ക് തന്റെ ചാർട്ടിന്റെ ചിന്ത വേണം. എനിക്ക് പ്രഭാഷണം ചെയ്യാൻ കഴിയും പിന്നെ ചാർട്ട് വെയ്ക്കേണ്ട ആവശ്യം എന്താണ്, ഇങ്ങനെയല്ല. ഈ ഉപേക്ഷ കാണിക്കരുത്. മഹാരഥികളും ചാർട്ട് വെയ്ക്കണം. മഹാരഥികൾ കൂടുതലൊന്നുമില്ല, എണ്ണാൻ പറ്റുന്നത്രയേയുള്ളു. വളരെപ്പേർക്ക് നാമ രൂപങ്ങളിൽ വളരെ അധികം സമയം പാഴാകുന്നു. ലക്ഷ്യം വളരെ ഉയർന്നതാണ്. ബാബ ഇന്ന പോയിന്റ് മനസ്സിലാക്കിത്തന്നില്ല എന്നു കരുതാതിരിക്കാൻ ബാബ എല്ലാം മനസ്സിലാക്കിത്തരികയാണ്. ഓർമ്മയും സൃഷ്ടി ചക്രത്തിന്റെ ജ്ഞാനവുമാണ് മുഖ്യം. ഈ സൃഷ്ടി ചക്രത്തിലെ 84 ജന്മങ്ങളെ നിങ്ങൾ കുട്ടികളല്ലാതെ മറ്റാരും അറിയുന്നില്ല. വൈരാഗ്യവും നിങ്ങൾക്കാണ് ഉണ്ടാകുന്നത്. നിങ്ങൾക്ക് അറിയാം ഇപ്പോൾ ഈ മൃത്യുലോകം വസിക്കുന്നതിന് യോഗ്യമല്ല. പോകുന്നതിന് മുമ്പ് പവിത്രമാകണം. തീർച്ചയായും ദൈവീക ഗുണങ്ങളും വേണം. നമ്പർ അനുസരിച്ച് മാലയിൽ കോർക്കപ്പെടും. പിന്നീട് നമ്പർവൈസായി രാജധാനിയിലേയ്ക്ക് വരണം. പിന്നീട് നമ്പർവൈസായി നിങ്ങളുടെ പൂജയും ഉണ്ടാകും. അനേകം ദേവതകളുടെ പൂജ നടക്കുന്നുണ്ട്. എന്ത് എന്തെല്ലാം പേരുകളാണ് വെയ്ക്കുന്നത്. ചണ്ഢികാ ദേവിയുടെ മേളയും നടക്കാറുണ്ട്. ആരാണോ രജിസ്റ്റർ വെയ്ക്കാത്തത് അവർക്ക് സ്വഭാവത്തെ ശരിയാക്കാൻ കഴിയില്ല. എങ്കിൽ പറയും ഇത് ചണ്ഢികയാണെന്ന്. കേൾക്കുന്നേയില്ല, അനുസരിക്കുന്നേയില്ല. ഇത് പക്ഷേ പരിധിയില്ലാത്ത കാര്യമാണ്. പുരുഷാർത്ഥം ചെയ്യുന്നില്ലെങ്കിൽ ബാബ പറയും ഇവർ ബാബ പറയുന്നത് പോലും അനുസരിക്കാത്തവരാണ്. പദവി കുറഞ്ഞുപോകും അതുകൊണ്ടാണ് ബാബ തന്റെ മേൽ ശ്രദ്ധ വെയ്ക്കാൻ പറയുന്നത്. ബാബ അതിരാവിലെ വന്ന് ഓർമ്മയുടെ യാത്രയിൽ ഇരിക്കാൻ എത്ര പരിശ്രമം ചെയ്യിക്കുന്നു. ഇത് വളരെ ശ്രേഷ്ഠമായ ലക്ഷ്യമാണ്. ജ്ഞാനത്തെ വളരെ സഹജമായ വിഷയമെന്ന് പറയും. 84 ജന്മങ്ങളുടെ ചക്രത്തെ ഓർമ്മിക്കുന്നത് വലിയ കാര്യമല്ല. പക്ഷേ വളരെ വിലകൂടിയ സാധനം ഓർമ്മയുടെ യാത്രയാണ്, ഇതിൽ ഒരുപാട് കുട്ടികൾ തോറ്റുപോകുന്നുമുണ്ട്. നിങ്ങൾ യുദ്ധം ചെയ്യുന്നതും ഇതിലാണ്. നിങ്ങൾ ഓർമ്മിക്കുന്നു, മായ വന്ന് അതിനെ മുറിക്കുന്നു. ജ്ഞാനത്തിൽ യുദ്ധത്തിന്റെ കാര്യമില്ല. അത് വരുമാന മാർഗ്ഗമാണ്. എന്നാൽ ഇവിടെ പവിത്രമായി മാറണം, അതിനാലാണ് വന്ന് ഞങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കൂ എന്നു പറഞ്ഞ് ബാബയെ വിളിക്കുന്നത്. വന്ന് പഠിപ്പിക്കൂ എന്നു പറഞ്ഞല്ല വിളിക്കുന്നത്. പറയുന്നു പാവനമാക്കി മാറ്റൂ. അതിനാൽ ഈ മുഴുവൻ കാര്യങ്ങളും ബുദ്ധിയിൽ ഉണ്ടാകണം. പൂർണ്ണ രാജയോഗിയായി മാറണം.

ജ്ഞാനം വളരെ സഹജമാണ്. കേവലം യുക്തിയോടെ മനസ്സിലാക്കിക്കൊടുക്കുകയേ വേണ്ടൂ. നാവിന് വളരെ അധികം മധുരത വേണം. നിങ്ങൾക്ക് ഈ ജ്ഞാനം ലഭിക്കുന്നുണ്ട്. അതും കർമ്മത്തിന്റെ ആധാരത്തിലാണ് എന്നേ പറയൂ. ആരംഭം മുതൽ ഭക്തി ചെയ്തിട്ടുണ്ട് അർത്ഥം നല്ല കർമ്മങ്ങൾ ചെയ്തിട്ടുണ്ട് അതിനാലാണ് ശിവബാബയും നല്ലരീതിയിൽ ഇരുന്ന് മനസ്സിലാക്കിത്തരുന്നത്. ഇത്ര അധികം ഭക്തി ചെയ്തിട്ടുണ്ടാകും, ശിവബാബ സംപ്രീതനായിട്ടുണ്ടാകാം അതിനാലാണ് ജ്ഞാനവും പെട്ടെന്ന് എടുക്കുന്നത്.

മഹാരഥികളുടെ ബുദ്ധിയിൽ പോയിന്റുകൾ ഉണ്ടാകും. എഴുതുകയാണെങ്കിൽ നല്ല നല്ല പോയിന്റുകൾ വേർതിരിക്കാൻ സാധിക്കും. പോയിന്റുകൾ വിലയിരുത്തണം. പക്ഷേ ഇത്രയും പരിശ്രമം ആരും ചെയ്യുന്നില്ല. കുറച്ചുപേരേ കുറിച്ചുവെച്ച് അതിൽ നിന്നും നല്ല പോയിന്റുകൾ വേർതിരിക്കുന്നുള്ളു. ബാബ എപ്പോഴും പറയാറുണ്ട് പ്രഭാഷണം ചെയ്യുന്നതിനുമുമ്പ് എഴുതൂ പിന്നീട് അത് പരിശോധിക്കൂ. പക്ഷേ ഈ പരിശ്രമം ചെയ്യുന്നില്ല. മുഴുവൻ പോയിന്റുകളും ആർക്കും ഓർമ്മ നിൽക്കില്ല. വക്കീൽമാരും തന്റെ ഡയറിയിൽ പോയിന്റ്സ് കുറിച്ചുവെക്കാറുണ്ട്. നിങ്ങൾക്ക് ഇത് അത്യാവശ്യമാണ്. ടോപ്പിക്കുകൾ എഴുതി പിന്നീട് പഠിക്കണം, പരസ്പരം ബന്ധിപ്പിക്കണം. ഇത്രയും പരിശ്രമം ചെയ്തില്ലെങ്കിൽ അത്യധികം സന്തോഷമുണ്ടാകില്ല. നിങ്ങളുടെ ബുദ്ധിയോഗം മറ്റ് പലകാര്യങ്ങളിലും അലഞ്ഞുകൊണ്ടിരിക്കും. സഹജമായി ചെയ്യുന്നത് വളരെ കുറച്ചുപേരാണ്. സേവനമല്ലാതെ മറ്റൊന്നും ബുദ്ധിയിൽ ഉണ്ടാകില്ല. മാലയിൽ വരണമെങ്കിൽ പരിശ്രമം തീർച്ചയായും ചെയ്യണം. ബാബ നിർദ്ദേശം നൽകും പിന്നീട് തന്റെ ഹൃദയത്തിൽ തോന്നും. ഓർമ്മിക്കുന്നില്ലെങ്കിൽ അത് സ്വയം തനിക്കുമാത്രമേ അറിയാൻ കഴിയൂ. തീർച്ചയായും ജോലി വേലകൾ എല്ലാം ചെയ്യണം പക്ഷേ സദാ പോക്കറ്റിൽ കുറിച്ചുവെക്കാൻ ഡയറി സൂക്ഷിക്കണം. അലസരായിരുന്നാൽ സ്വയം അല്പജ്ഞാനിയായിരുന്നാൽ മായയും ചെറിയ ആളൊന്നുമല്ല. മുഷ്ടി ചുരുട്ടി ഇടി തന്നുകൊണ്ടിരിക്കും. ലക്ഷ്മീ നാരായണനായി മാറുക എന്നത് അമ്മായിയുടെ വീടുപോലാണോ. വലിയ രാജധാനിയുടെ സ്ഥാപന നടക്കുകയാണ്, കോടിയിൽ ചിലർ വരും. ബാബയും അതിരാവിലെ രണ്ടുമണിക്ക് എഴുന്നേറ്റിരുന്ന് എഴുതി പിന്നീട് അത് പഠിക്കുമായിരുന്നു. പോയിന്റ്സ് മറന്നുപോകുമായിരുന്നു പിന്നീട് ഇരുന്ന് നോക്കുമായിരുന്നു നിങ്ങളെ പഠിപ്പിക്കുന്നതിനുവേണ്ടി. എങ്കിൽ മനസ്സിലാക്കാൻ കഴിയും ഇപ്പോൾ ഓർമ്മയുടെ യാത്രയിൽ എവിടെയെത്തി. കർമ്മാതീത അവസ്ഥ ഏതുവരെയായി. വെറുതെ ആരുടേയും പ്രശംസ ചെയ്യില്ല. വളരെ അധികം പരിശ്രമിക്കണം, കർമ്മക്കണക്കും ഉണ്ട്. ഓർമ്മിക്കേണ്ടി വരും. ശരി, മനസ്സിലാക്കൂ മുരളി ബ്രഹ്മാബാബയല്ല ശിവബാബയാണ് നൽകുന്നത്. കുട്ടികൾക്ക് സദാ മനസ്സിലാക്കിത്തരുന്നുണ്ട് ശിവബാബയാണ് നിങ്ങളെ കേൾപ്പിക്കുന്നത്, ചിലപ്പോൾ ഇടയിൽ ഈ കുട്ടിയും സംസാരിക്കാറുണ്ട്. ബാബ തീർത്തും കൃത്യമായേ പറയൂ. ബ്രഹ്മാബാബയ്ക്കാണെങ്കിൽ മുഴുവൻ ദിവസത്തിൽ വളരെ അധികം കാര്യങ്ങൾ ചിന്തിക്കണം. എത്ര കുട്ടികളുടെ ഉത്തരവാദിത്വമാണ്. കുട്ടികൾ നാമ രൂപത്തിൽ കുടുങ്ങി ചഞ്ചലമാകുന്നു. വളരെ അധികം കുട്ടികളുടെ ചിന്തയുണ്ട്– കുട്ടികൾക്കായി കെട്ടിടം നിർമ്മിക്കുന്നു, എല്ലാ സൗകര്യങ്ങളും ചെയ്യണം. എല്ലാം ഡ്രാമ തന്നെയാണ്. ബാബയുടേയും ഡ്രാമ, ബ്രഹ്മാവിന്റേയും ഡ്രാമ, നിങ്ങളുടേയും ഡ്രാമ. ഡ്രാമയിലില്ലാത്ത ഒരു കാര്യവും സംഭവിക്കില്ല. ഒരോ സെക്കന്റും ഡ്രാമ നടന്നുകൊണ്ടിരിക്കുന്നു. ഡ്രാമയെ ഓർമ്മിക്കുകയാണെങ്കിൽ ഇളകില്ല. അചഞ്ചലമായി ഇളകാത്തവരായി ധൈര്യമായിരിക്കും. കൊടുങ്കാറ്റുകൾ അനവധി വരും. ചില കുട്ടികൾ സത്യം പറയുന്നില്ല. അനേകം സ്വപ്നങ്ങളും കാണുന്നു. മായയുണ്ടല്ലോ. ആർക്കാണോ മുമ്പ് വരാത്തത് അവർക്ക് ഇപ്പോൾ വരും. ബാബയ്ക്ക് മനസ്സിലാകുന്നുണ്ട്, കുട്ടികൾക്ക് സമ്പത്ത് നേടാൻ ഓർമ്മയിൽ വളരെ അധികം പരിശ്രമിക്കേണ്ടി വരുന്നു. ചിലർ പരിശ്രമിച്ച് പരിശ്രമിച്ച് ക്ഷീണിക്കുന്നു. ലക്ഷ്യം വളരെ ഉയർന്നതാണ്. 21 തലമുറയ്ക്ക് വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു, അതിനാൽ പരിശ്രമവും ചെയ്യണമല്ലോ. സ്നേഹിയായ അച്ഛനെ ഓർമ്മിക്കണം. ഹൃദയത്തിലുണ്ട് ബാബ നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്. അതിനാൽ ഇങ്ങനെയുള്ള ബാബയെ ഓരോ നിമിഷവും ഓർമ്മിക്കണം. ഏറ്റവും സ്നേഹമുള്ള ബാബയാണ്. ബാബ അത്ഭുതമാണ് ചെയ്യുന്നത്, വിശ്വത്തിന്റെ ജ്ഞാനം നൽകുന്നു. ബാബാ, ബാബാ, ബാബാ എന്ന് ഉള്ളിന്റെ ഉള്ളിൽ മഹിമ പാടിക്കൊണ്ടിരിക്കണം. ആരാണോ ഓർമ്മിക്കുന്നത് അവർക്ക് ബാബയുടെ ആകർഷണം അനുഭവമാകും. ബാബയിൽ നിന്നും റിഫ്രഷ് ആകുന്നതിനായാണ് ഇവിടെ വരുന്നത്. അതിനാൽ ബാബ മനസ്സിലാക്കിത്തരുകയാണ്– മധുരമായ കുട്ടികളേ– ഉപേക്ഷ കാണിക്കരുത്. എല്ലാ സെന്ററുകളിൽ നിന്നും കുട്ടികൾ വരുന്നത് ബാബ കാണുന്നുണ്ട്. കാണുന്നുണ്ട് ചോദിക്കുന്നുമുണ്ട്, ഏത് പ്രകാരത്തിലുള്ള സന്തോഷമാണുള്ളത്? ബാബ പരിശോധന നടത്തുമല്ലോ. മുഖത്തിൽ കാണാം– ബാബയോട് എത്ര സ്നേഹമുണ്ട്? ബാബയുടെ അടുത്തേയ്ക്ക് വരുമ്പോൾ ബാബ ആകർഷിക്കുകയും ചെയ്യുന്നു. ഇവിടെ ഇരിക്കുമ്പോൾ മറ്റെല്ലാം മറക്കുന്നു. ബാബയല്ലാതെ മറ്റൊന്നുമില്ല, മുഴുവൻ ലോകത്തേയും മറക്കണം. ഈ അവസ്ഥ വളരെ മധുരവും അലൗകികവുമാണ്. ബാബയുടെ ഓർമ്മയിൽ വന്നിരിക്കുമ്പോൾ സ്നേഹംകൊണ്ട് കണ്ണീർ വരും. ഭക്തിമാർഗ്ഗത്തിലും കണ്ണീർ വരുമായിരുന്നു. പക്ഷേ ഭക്തിമാർഗ്ഗം വേറെയാണ്, ജ്ഞാനമാർഗ്ഗം വേറെയാണ്. ഇത് സത്യമായ അച്ഛനുമായുള്ള സത്യമായ സ്നേഹമാണ്. ഇവിടെയുള്ള കാര്യംതന്നെ വേറെയാണ്. ഇവിടെ നിങ്ങൾ ശിവബാബയുടെ അടുത്തേയ്ക്കാണ് വരുന്നത്, തീർച്ചയായും രഥത്തിലായിരിക്കും ബാബ വരുന്നത്. ശരീരമില്ലാതെ ആത്മാക്കൾക്ക് അവിടെ കണ്ടുമുട്ടാം, ഇവിടെയാണെങ്കിൽ എല്ലാവരും ദേഹധാരികളാണ്. അറിയാം ഇത് ബാപ്ദാദയാണെന്ന്. അതിനാൽ തീർച്ചയായും ബാബയെ ഓർമ്മിക്കണം. വളരെ സ്നേഹത്തോടെ മഹിമ പാടണം. ബാബ നമുക്ക് എന്താണ് നൽകുന്നത്!

നിങ്ങൾക്ക് അറിയാം ബാബ വന്നിരിക്കുകയാണ് നമ്മളെ ഈ കാട്ടിൽ നിന്നും തിരികെക്കൊണ്ടുപോകാനായി. മംഗളം വിഷ്ണുഭഗവാനേ........ എന്ന് പാടാറില്ലേ. എല്ലാവരുടേയും മംഗളം ചെയ്യുന്നവരാണ്, എല്ലാവരുടേയും മംഗളം ഉണ്ടാവുകയാണ്. ഒരേ ഒരു ബാബയല്ലേ ഉള്ളൂ അതിനാൽ എല്ലാവർക്കും അവരെ ഓർമ്മിക്കണം. നമുക്ക് എന്തുകൊണ്ട് ആരുടെയെങ്കിലും മംഗളം ചെയ്തുകൂടാ! തീർച്ചയായും എന്തോ കുറവുണ്ട്. ബാബ പറയുന്നു ഓർമ്മയുടെ മൂർച്ചയില്ല അതിനാലാണ് വാക്കുകൾക്ക് ആകർഷണം ഇല്ലാത്തത്. ഇതും ഡ്രാമയാണ്. ഇപ്പോൾ നല്ല രീതിയിൽ മൂർച്ച വരുത്തു. ഓർമ്മയുടെ യാത്ര തന്നെയാണ് ബുദ്ധിമുട്ടുള്ളത്. ഞാൻ സഹോദരന് ജ്ഞാനം നൽകുകയാണ്. അച്ഛന്റെ പരിചയം നൽകുകയാണ്. ബാബയിൽ നിന്നും സമ്പത്ത് എടുക്കണം. കുട്ടികൾ മിനിറ്റിന് മിനിറ്റിന് മറക്കുന്നുണ്ടാകും എന്ന് ബാബയ്ക്ക് ചിന്തയുണ്ടാകുന്നു. ബാബ എല്ലാവരേയും കുട്ടിയാണെന്ന് കരുതുന്നു, അതിനാലാണ് കുട്ടികളേ, കുട്ടികളേ എന്ന് വിളിക്കുന്നത്. ബാബ എല്ലാവരുടേതുമാണ്, ബാബയുടെ പാർട്ട് അത്ഭുതകരമല്ലേ. ഈ പറയുന്നത് ആരെയാണ് എന്നത് വളരെ കുറച്ച് കുട്ടികളേ മനസ്സിലാക്കുന്നുള്ളു. ബാബ കുട്ടികളേ കുട്ടികളേ എന്നേ പറയൂ. വന്നിരിക്കുന്നതുതന്നെ കുട്ടികൾക്ക് സമ്പത്ത് നൽകാനാണ്. ബാബ എല്ലാം കേൾപ്പിക്കുന്നു. ബാബയ്ക്കല്ലേ കുട്ടികളെക്കൊണ്ട് കാര്യം ചെയ്യിപ്പിക്കേണ്ടത്. ഇത് വളരെ അതിശയകരമായ പരിഭ്രമിപ്പിക്കുന്ന ജ്ഞാനമാണ്. ഈ ജ്ഞാനം ഗൂഢവും കുഴപ്പം പിടിച്ചതും കൂടിയാണ്. വൈകുണ്ഠത്തിന്റെ അധികാരിയാകാൻ ജ്ഞാനവും ഇങ്ങനെയുള്ളത് വേണമല്ലോ.

ശരി, എല്ലാവരും ബാബയെ ഓർമ്മിക്കണം, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. മുഖത്തിലൂടെ ഒരിയ്ക്കലും തലതിരിഞ്ഞ വാക്കുകൾ പറയരുത്. സ്നേഹത്തോടെ കാര്യങ്ങൾ ചെയ്യണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും  പുലർകാല വന്ദനവും  ആത്മീയഅച്ഛന്റെ ആത്മീയകുട്ടികൾക്ക്  നമസ്കാരം.

### ധാരണയ്ക്കുളള മുഖ്യമായ സാരം -

1. അതിരാവിലെ ഏകാന്തമായിരുന്ന് സ്നേഹത്തോടെ ബാബയെ ഓർമ്മിക്കണം. മുഴുവൻ ലോകത്തേയും മറക്കണം.

2. ബാബയ്ക്കു സമാനം എല്ലാവരുടേയും മംഗളകാരിയായി മാറണം, കുറവുകളെ കളയണം. തന്റെമേൽ വളരെ അധികം ശ്രദ്ധ വെയ്ക്കണം. തന്റെ രജിസ്റ്റർ സ്വയമേ നോക്കണം.

## വരദാനം:- സർവ്വ പ്രാപ്തികളുടെയും ഖജനാവുകളെ സ്മൃതി സ്വരൂപമാക്കി കാര്യങ്ങളിൽ ഉപയോഗിക്കുന്ന സദാ സന്തുഷ്ടാത്മാവായി ഭവിക്കട്ടെ.

സംഗമയുഗത്തിന്റെ വിശേഷ വരദാനം സന്തുഷ്ടതയാണ്, മാത്രമല്ല സന്തുഷ്ടതയുടെ ബീജം സർവ്വപ്രാപ്തികളുമാണ്. അസന്തുഷ്ടതയുടെ ബീജം സ്ഥൂലമോ സൂക്ഷ്മമോ ആയ അപ്രാപ്തിയാണ്. ബ്രാഹ്മണരുടെ മഹിമയാണ് അവരുടെ ഖജനാവുകളിൽ അപ്രാപ്തമായ ഒരു വസ്തുവുമില്ല. എല്ലാ ബ്രാഹ്മണർക്കും ഒന്നിൽ നിന്ന് ഒരേപോലെ അളവറ്റ ഖജനാവ് ലഭിക്കുന്നു. ആ പ്രാപ്തമായ ഖജനാവുകളെ കേവലം ഓരോ സമയത്തും കാര്യങ്ങളിൽ ഉപയോഗിക്കൂ അതായത് സ്മൃതിസ്വരൂപരാകൂ. പരിധിയില്ലാത്ത പ്രാപ്തികളെ പരിധിയുള്ളതിലേക്ക് പരിവർത്തനം ചെയ്യാതിരിക്കൂ എങ്കിൽ സദാ സന്തുഷ്ടരായിരിക്കാം.

## സ്ലോഗൻ:- എവിടെ നിശ്ചയമുണ്ടോ അവിടെ വിജയത്തിന്റെ ഭാഗ്യരേഖ മസ്തകത്തിൽ ഉള്ളത് തന്നെയാണ്.